Std. 9 - Chapter 3 - Revision - Main points

പാഠം 3 – അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധ കുർബാനയിൽ

No.	ചോദ്യം	ഉത്തരം
1	വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും എന്തിന്റെ പ്രതീകങ്ങളാണ്?	ഈശോയുടെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രതീകങ്ങളാണ് അപ്പവും വീഞ്ഞും.
2	ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത് എങ്ങനെയാണ്?	അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിശ്യന്മാർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു. വാങ്ങി ഭക്ഷിക്കുവിൻ, ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രം എടുത്ത് കൃതജ്ഞതാസ്ത്രോത്രം ചെയ്ത് അവർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു. നിങ്ങൾ എല്ലാവരും ഇതിൽ നിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. (മത്തായി 26:26–28). അങ്ങനെ അപ്പത്തെയും വീഞ്ഞിനെയും തന്റെ ശരീരരക്തങ്ങളുടെ പ്രതീകങ്ങളാക്കിക്കൊണ്ട് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചു.
3	വിശുദ്ധ കുർബാനയിൽ സജീവമായും ഫലപ്രദമായും പങ്കെടുക്കാൻ എന്താണ് മനസ്സിലാക്കേണ്ടത്?	വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട എല്ലാ അടയാളങ്ങളുടെയും അർത്ഥവും അവ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന യാഥാർഥ്യങ്ങളും മനസ്സിലാക്കണം.
4	ദൈവാലയം എന്തിന്റെ പ്രതീകമാണ്?	പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ രക്ഷാകരമായ സാന്നിധ്യത്തിന്റെ പ്രതീകമാണ് ദൈവാലയം. വിശ്വാസികളുടെ സമൂഹമായ തിരുസഭയുടെയും പ്രതീകമാണ് ദൈവാലയം.
5	ദൈവാലയം പ്രധാനമായും എത്ര ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്?	ദൈവാലയത്തെ പ്രധാനമായും ബലിവേദി (മദ്ബഹ), ഗായകവേദി (കെസ്ത്രോമ), സമൂഹവേദി (ഹൈക്കല) എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
6	ബലിവേദി അഥവാ മദ്ബഹ എന്തിനെ പ്രതീകപ്പെടുത്തുന്നു?	മദ്ബഹ സ്വർഗത്തിന്റെ പ്രതീകമാണ്. ദൈവത്തിന്റെ മഹത്വപൂർണമായ സാന്നിദ്ധ്യം കൊണ്ടും സ്വർഗീയ ഗണങ്ങൾ അനവരതം ഉയർത്തുന്ന ദൈവസ്തുതികൾ കൊണ്ടും നിറഞ്ഞിരിക്കുന്ന സ്വർഗത്തിന്റെ അനുഭവം മദ്ബബ പ്രദാനം ചെയ്യുന്നു.
7	മദ്ബഹ എവിടെയാണ് സ്ഥിതി ചെയ്യുന്നത്?	കിഴക്കുപടിഞ്ഞാറായി നിർമ്മിച്ചിരിക്കുന്ന ദൈവാലയത്തിന്റെ കിഴക്കേ അറ്റത്താണ് മദ്ബഹ സ്ഥിതി ചെയ്യുന്നത്.
8	എന്തിനാണ് മദ്ബഹാ വിരിയിട്ട് മറയ്ക്കുന്നത് ?	മദ്ബഹയുടെ വിശുദ്ധിയും ഔന്നത്യവും വെളിവാക്കാൻ മദ്ബഹായ്ക്ക് വിരിയിട്ട് മറയ്ക്കുന്ന പാരമ്പര്യവുമുണ്ട്.
9	ബലിപീഠം അഥവാ അൾത്താര എന്തിനെ സൂചിപ്പിക്കുന്നു?	മദ്ബഹായുടെ കേന്ദ്രമാണ് അൾത്താര അഥവാ ബലിപീഠം. ബലിപീഠത്തിലാണ് ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യുന്നത്. ത്രിത്വൈക ദൈവത്തിന്റെ സിംഹാസനം, കർത്താവിന്റെ കല്ലറ, ബലിപീഠം, സ്വർഗത്തിലേക്കുള്ള ഗോവണി, വിരുന്നുമേശ തുടങ്ങി, അനേക കാര്യങ്ങൾ സൂചിപ്പിക്കുന്നു.
10	സക്രാരി എന്താണ്?	വിശുദ്ധ കുർബാന സൂക്ഷിക്കുന്ന പേടകമാണ് സക്രാരി. ആരാധനയ്ക്കും വിശുദ്ധ കുർബാനയ്ക്ക് പുറമേയുള്ള ദിവ്യകാരുണ്യ സ്വീകരണത്തിനും ഇത് ഉപയോഗിക്കുന്നു.

No.	ചോദ്യം	ഉത്തരം
11	ഉപപീഠങ്ങൾ അഥവാ ബേസ്ഗസാകൾ എന്തിനെ സൂചിപ്പിക്കുന്നു?	അൾത്താരയുടെ ഇരുവശങ്ങളിൽ ബലിവസ്തുക്കൾ ഒരുക്കുതിനായി സ്ഥാപിച്ചിരിക്കുന്ന പീഠങ്ങളാണിവ. 'ബേസ്ഗസ' എന്ന വാക്കിന് 'നിക്ഷേപാലയം' എന്നാണ് അർത്ഥം.
12	തിരുശേഷിപ്പുകൂടാരം (ബേസ്സഹദെ) എന്താണ്?	രക്തസാക്ഷികളുടെ തിരുശേഷിപ്പു സൂക്ഷിക്കുന്ന സ്ഥലമാണിത്. സാധാരണയായി മദ്ബഹയുടെ വലതുവശത്ത് ഇത് ക്രമീകരിച്ചിരിക്കുന്നു.
13	വചനവേദി അഥവാ ബേമ്മ എന്താണ്?	ഹൈക്കലയുടെ മധ്യഭാഗത്തോ കെസ്ത്രോമയോടു ചേർന്നോ സജ്ജീകരിച്ചിട്ടുള്ള വേദിയാണ് ബേമ്മ. അതിന്റെ മധ്യത്തിലായി ചെറിയൊരു മേശയും അതിന്മേൽ കുരിശും (സ്ലീവാ) തിരികളും ക്രമീകരിച്ചിരിക്കുന്നു. ഇരുവശങ്ങളിലായി വായനാപീഠങ്ങളും കാർമികനും ശുശ്രൂഷികൾക്കുമുള്ള ഇരിപ്പിടങ്ങളും സജ്ജീകരിച്ചിരിക്കുന്നു. ഭൗമിക ജറുസലേമിന്റെ പ്രതീകമാണ് ബേമ്മ.
14	ബേമ്മ എന്തിനെ പ്രതീകപ്പെടുത്തുന്നു?	ഭൗമിക ജറുസലേമിനെയാണ് ബേമ്മ പ്രതീകപ്പെടുത്തുന്നത്.
15	ഗായകവേദി അഥവാ കെസ്ത്രോമ എന്താണ്?	മദ്ബഹയ്ക്കും ഹൈക്കലയ്ക്കും ഇടയിലുള്ള സ്ഥലത്താണ് കെസ്ത്രോമ സ്ഥിതി ചെയ്യുന്നത്. ഗായകസംഘം നിൽക്കുന്ന സ്ഥലമാണിത്.
16	മാമ്മോദീസാത്തൊട്ടി എന്തിനുള്ളതാണ്?	സ്നാനാർത്ഥികൾക്ക് മാമ്മോദീസ നൽകുന്നതിനായി പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന തൊട്ടിയാണ് മാമ്മോദീസാത്തൊട്ടി.
17	സമൂഹവേദി അഥവാ ഹൈക്കല എന്താണ്?	വിശ്വാസികൾ നിൽക്കുന്ന സ്ഥലമാണ് ഹൈക്കല. ഇത് ഭൂമിയെ സൂചിപ്പിക്കുന്നു.
18	**1. ദൈവാലയത്തിലെ പ്രധാനപ്പട്ട മൂന്നു ഭാഗങ്ങളും അവയുടെ പ്രതീകാത്മകമായ അർത്ഥവും വിശദീകരിക്കുക.**	ദൈവാലയത്തിലെ പ്രധാനപ്പട്ട മൂന്നു ഭാഗങ്ങൾ ബലിവേദി (മദ്ബഹ), ഗായകവേദി (കെസ്ത്രോമ), സമൂഹവേദി (ഹൈക്കല) എന്നിവയാണ്. മദ്ബഹ സ്വർഗത്തിന്റെ പ്രതീകമാണ്. ഗായകസംഘം നിൽക്കുന്ന സ്ഥലമാണ് കെസ്ത്രോമ. വിശ്വാസികൾ നിൽക്കുന്ന സ്ഥലമാണ് ഹൈക്കല. ഹൈക്കല ഭൂമിയെ സൂചിപ്പിക്കുന്നു.
19	വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന വ്യക്തികളെ എങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം?	സമൂഹം, കാർമ്മികൻ, ശുശ്രൂഷകർ അഥവാ ഡീക്കന്മാർ (മ്ശംശനമാർ) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.
20	വിശുദ്ധ കുർബാനയിലെ സമൂഹം ആരെയാണ് പ്രതിനിധാനം ചെയ്യുന്നത്?	ദിവ്യബലിയിൽ പങ്കെടുക്കുന്ന സഭയുടെ പ്രതീകമാണ് സമൂഹം. ഈശോയാൽ രക്ഷിക്കപ്പെട്ട് സമൂഹം മുഴുവൻ ഇതിൽ ഉൾപ്പെടുന്നു.
21	**2. കാർമികൻ, ശുശൂഷകൻ, സമൂഹം ഇവർ ആരെയൊക്ക പ്രതിനിധാനം ചെയ്യുന്നു?**	കാർമ്മികൻ മിശിഹായുടെ പ്രതിരൂപവും ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലുള്ള മധ്യസ്ഥനുമാണ്. ശുശ്രൂഷകർ മാലാഖമാരുടെ സ്ഥാനമാണ് പ്രതിനിധാനം ചെയ്യുന്നത്. സമൂഹം ദിവ്യബലിയിൽ പങ്കെടുക്കുന്ന തിരുസഭയെയും ഈശോയാൽ രക്ഷിക്കപ്പെട്ട ജനസമൂഹത്തെയും പ്രതിനിധാനം ചെയ്യുന്നു.
22	ശുശ്രൂഷകർ ആരെയാണ് പ്രതിനിധാനം ചെയ്യുന്നത്?	ദൈവാലയത്തിലെ ശുശ്രൂഷകർ മാലാഖമാരുടെ സ്ഥാനമാണ് പ്രതിനിധാനം ചെയ്യുന്നത്.
23	ഡീക്കന്മാരുടെ പ്രധാന ശുശ്രൂഷ എന്താണ്?	ബലിയർപ്പണത്തിൽ സമൂഹം സജീവമായി പങ്കെടുക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ശുശ്രൂഷകളിൽ കാർമ്മികനെ സഹായിക്കുകയും ചെയ്യുന്നു.

No.	ചോദ്യം	ഉത്തരം
24	**3. സ്ലീവാ അഥവാ കുരിശ് എന്തിന്റെയൊക്കെ പ്രതീകമാണ്?**	മദ്ബഹായിൽ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ലീവാ രക്ഷയുടെ അടയാളവും മിശിഹായുടെ ബലിയുടെയും ഉത്ഥാനത്തിന്റെയും പ്രതീകവുമാണ്. ഇത് ഈശോയുടെതന്നെ പ്രതീകവും മഹത്വത്തിന്റെ അടയാളവും വിജയത്തിന്റെ ചിഹ്നവുമാണ്.
25	വിശുദ്ധ കുർബാനയിലെ കുരിശ് ഈശോയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?	കുരിശ് ഈശോയെ തന്നെ പ്രതിനിധാനം ചെയ്യുകയും മനുഷ്യകുലത്തിന്റെ രക്ഷയുടെ അടയാളമാകുകയും ചെയ്യുന്നു.
26	സുവിശേഷഗ്രന്ഥം എന്തിനെ സൂചിപ്പിക്കുന്നു?	സ്വർഗത്തിൽ പിതാവിന്റെ വലത്തുവശത്ത് മഹത്വത്തോടെ എഴുന്നള്ളിയിരിക്കുന്ന മിശിഹായെ സുചിപ്പിക്കുന്നു.
27	അപ്പവും വീഞ്ഞും എന്തിനെ സൂചിപ്പിക്കുന്നു?	അപ്പം ഈശോയുടെ ശരീരത്തെയും വീഞ്ഞ് ഈശോയുടെ രക്തത്തെയും സൂചിപ്പിക്കുന്നു.
28	വിശുദ്ധ കുർബാനയിലെ പ്രധാന തിരുപാത്രങ്ങൾ ഏതെല്ലാം?	കാസയും പീലാസയും കുസ്തോദിയുമാണ് വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന പ്രധാന തിരുപ്പാത്രങ്ങൾ.
29	കാസയും പീലാസയും എന്തിനാണ് ഉപയോഗിക്കുന്നത്?	തിരുരക്തവും തിരുശരീരവും സംവഹിക്കാൻ കാസയും പീലാസയും ഉപയോഗിക്കുന്നു.
30	കുസ്തോതി എന്തിനാണ് ഉപയോഗിക്കുന്നത്?	തിരുശരീരം സൂക്ഷിക്കുന്നതിനാണ് കുസ്തോതി ഉപയോഗിക്കുന്നത്.
31	കെടാവിളക്ക് എന്തിനെ സൂചിപ്പിക്കുന്നു?	ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ (യോഹ 8:12) നിരന്തര സാന്നിദ്ധ്യത്തെ കെടാവിളക്ക സൂചിപ്പിക്കുന്നു. മദ്ബഹയിൽത്തന്നെയോ മദ്ബഹയുടെ കവാടത്തിലോ ആണ് കെടാവിളക്കിന്റെ സ്ഥാനം.
32	വിശുദ്ധ കുർബാനയിലെ തിരുവസ്ത്രങ്ങളുടെ പ്രാധാന്യം എന്താണ്?	വൈദികരും ശുശ്രൂഷകരും ദിവ്യബലിയുടെ പരികർമ്മത്തിനായി ധരിക്കുന്ന തിരുവസ്ത്രങ്ങൾ ഓരോന്നും പ്രത്യേകമായ ആത്മീയ അർത്ഥം സൂചിപ്പിക്കുന്നു.
33	കാർമ്മികൻ ധരിക്കുന്ന പ്രധാന തിരുവസ്ത്രങ്ങൾ ഏതെല്ലാം?	കോത്തീന, അരക്കെട്ട്, ഊറാറ, കൈയുറ, കൈപ്പ (കാപ്പ്), ശോശപ്പ എന്നിവയാണ് പ്രധാന തിരുവസ്ത്രങ്ങൾ.
34	കോത്തീന എന്തിന്റെ പ്രതീകമാണ്?	മിശിഹായുടെയും മിശിഹായിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യന്റെയും പ്രതീകമാണ് കൊത്തീന.
35	അരക്കെട്ട് അഥവാ സുനാറ എന്തിന്റെ പ്രതീകമാണ്?	ശുദ്ധതയുടെയും ശുശ്രൂഷയുടെയും പ്രതീകമാണിത്. കൊത്തീനായ്ക്കുമീതെ അരക്കെട്ടായി ധരിക്കുന്ന ഈ വസ്ത്രം ലൗകീകചിന്തകളിൽ നിന്നകന്ന് ജാഗ്രതയോടെയും വിശുദ്ധിയോടെയും കർത്താവിനു ശുശ്രൂഷ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.
36	ഊറാറ എന്തിന്റെ അടയാളമാണ്?	വിശുദ്ധ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നതിന്റെ അടയാളമാണ് കഴുത്തിൽ ധരിക്കുന്ന ഊറാറ. ഇതു പൗരോഹിത്യാധികാരത്തെയും പരിശുദ്ധിയെയും സൂചിപ്പിക്കുന്നു.
37	കൈയുറ അഥവാ സന്ദേ എന്തിനെ സൂചിപ്പിക്കുന്നു?	വിശുദ്ധ ശുശ്രൂഷയ്ക്കായി കൈകൾ തയ്യാറാക്കുന്നതിനെ സൂചിപ്പിക്കുന്നു.
38	പൈന അഥവാ കാപ്പ എന്തിനെ പ്രതീകപ്പെടുത്തുന്നു?	പുരോഹിതൻ മറ്റു തിരുവസ്തങ്ങൾക്കു മീതെ ധരിക്കുന്ന തിരുവസ്ത്രമാണ് കാപ്പ. പുരോഹിതൻ നീതിയണിയണം എന്ന് ഓർമിപ്പിക്കുന്ന നീതിയുടെ വസ്ത്രമാണിത്. പുരോഹിതന്റെ ഇടയധർമത്തെയും ഇതു സൂചിപ്പിക്കുന്നു.

No.	ചോദ്യം	ഉത്തരം
39	ശോശപ്പ എന്തിനെ സൂചിപ്പിക്കുന്നു?	കാപ്പയുടെ നിറത്തിൽ ചതുരാകൃതിയിലുള്ള തിരുവസ്ത്രമാണ് ശോശപ്പ. ദിവ്യരഹസ്യങ്ങളെ ശോശപ്പ കൊണ്ടു മൂടുന്നത് ഈശോയുടെ കബറടക്കത്തെയും, പിന്നീട് ശോശപ്പ ദിവ്യരഹസ്യങ്ങൾക്കു ചുറ്റു വളച്ചുവയ്ക്കുന്നത് ഈശോയുടെ ഉത്ഥാനത്തെയും അർത്ഥമാക്കുന്നു. ശോശപ്പ ഈശോയുടെ കബറിടത്തിന്റെ മൂടിയായും അവിടുത്തെ തിരുശരീരം പൊതിഞ്ഞ കച്ചയായും ശിരോവസ്ത്രമായും വിശേഷിപ്പിക്കപ്പെടുന്നു.
40	**4. കാർമ്മികൻ അണിയുന്ന തിരുവസ്ത്രങ്ങളും അവയുടെ സൂചനകളും വിശദീകരിക്കുക.**	കോത്തീന മിശിഹായെയും മിശിഹായിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെയും പ്രതീകപ്പെടുത്തുന്നു. അരക്കെട്ട് അഥവാ സുനാറ ശുദ്ധിയെയും ശുശ്രൂഷയെയും സൂചിപ്പിക്കുന്നു. ഊറാറ വിശുദ്ധ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടതിന്റെ അടയാളവും പൗരോഹിത്യാധികാരത്തിന്റെയും പരിശുദ്ധിയുടെയും സൂചനയുമാണ്. കൈയുറ അഥവാ സന്ദേ വിശുദ്ധ ശുശ്രൂഷയ്ക്കായി കൈകൾ തയ്യാറാക്കുന്നതിനെ സൂചിപ്പിക്കുന്നു. പൈന അഥവാ കാപ്പ നീതിയുടെ വസ്ത്രത്തെയും വൈദികന്റെ ഇടയധർമ്മത്തെയും സൂചിപ്പിക്കുന്നു. ശോശപ്പ ഈശോയുടെ കബറിടത്തെയും തിരുശരീരം പൊതിഞ്ഞ കച്ചയെയും ഉത്ഥാനത്തെയും സൂചിപ്പിക്കുന്നു.
41	വിശുദ്ധ കുർബാനയിലെ പ്രധാന ആംഗ്യങ്ങളും നിലപാടുകളും ഏതെല്ലാം?	നില്ക്കുക, ഇരിക്കുക, മുട്ടുകുത്തുക, ശിരസ്സു നമിക്കുക, കൈകൾ വിരിച്ചുപിടിക്കുക, സമാധാനകൈമാറ്റം, ചുംബനം, കുരിശടയാളം വരയ്ക്കുക, ധൂപാർപ്പണം, കൈകഴുകൽ, പ്രദക്ഷിണങ്ങൾ, ദീപം തെളിക്കൽ എന്നിവയാണ് പ്രധാന ആംഗ്യങ്ങളും നിലപാടുകളും.
42	നില്ക്കുക എന്തിനെ സൂചിപ്പിക്കുന്നു?	നില്ക്കുന്നത് ഉത്ഥാനത്തെ സൂചിപ്പിക്കുന്നു. നമ്മൾ ഉത്ഥാനത്തിന്റെ മക്കളും സ്വർഗീയ പ്രത്യാശയുള്ളവരുമാണ്. ഈശോയിലുള്ള വിശ്വാസവും മാമ്മോദീസായുംവഴി നമ്മൾ മരണത്തിൽ നിന്നും എല്ലാവിധ അടിമത്തങ്ങളിൽ നിന്നും മുക്തി പ്രാപിച്ചവരാണ്.
43	ഇരിക്കുക എന്തിനെ സൂചിപ്പിക്കുന്നു?	സുവിശേഷം ഒഴികെയുള്ള വായനകളുടെ സമയത്തും വചനപ്രഘോഷണ സമയത്തും ഇരിക്കാവുന്നതാണ്. ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്.
44	മുട്ടുകുത്തുക എന്തിനെ സൂചിപ്പിക്കുന്നു?	കടങ്ങൾ ഇളച്ചുകിട്ടാൻ യാചിക്കുന്നവന്റെയും പശ്ചാത്തപിക്കുന്ന പാപിയുടെയും നിലപാടാണിത്. ദൈവത്തോടുള്ള മനുഷ്യന്റെ സഹായാഭ്യർത്ഥനയെ ഇതു പ്രകടമാക്കുന്നു. കൂടാതെ പരിഹാരത്തെയും സൂചിപ്പിക്കുന്നു.
45	ശിരസ്സു നമിക്കുക എന്തിനെ സൂചിപ്പിക്കുന്നു?	വിധേയത്വം, ബഹുമാനം, ആരാധന, കൃതജ്ഞത ഇവയെല്ലാം ശിരസ്സു നമിക്കുന്നതിലൂടെ പ്രകടമാകുന്നു.
46	കൈകൾ വിരിച്ചുപിടിക്കുക എന്തിനെ സൂചിപ്പിക്കുന്നു?	കൈകൾ വിരിച്ചുപിടിക്കുന്നത് മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥ്യം വഹിക്കുന്നതിനെയും യാചനയെയും സൂചിപ്പിക്കുന്നു.
47	സമാധാനക്കൈമാറ്റം എന്തിനെ സൂചിപ്പിക്കുന്നു?	സമാധാനക്കൈമാറ്റം പരസ്പരമുള്ള സ്നേഹവും ഐക്യവും പ്രകടമാക്കുന്നു. പരസ്പരം അനുരഞ്ജനപ്പെടുന്നതിന്റെ അടയാളമാണ് ഇത്. വിശ്വാസികളെല്ലാവരും ഈശോയിൽ ഒരു ശരീരമാകുന്നു എന്നും ഇത് അർത്ഥമാക്കുന്നു.

No.	ചോദ്യം	ഉത്തരം
48	വിശുദ്ധ കുർബാനയിലെ ചുംബനം എന്തിനെ സൂചിപ്പിക്കുന്നു?	അൾത്താര, വിശുദ്ധ ഗ്രന്ഥം, സ്ലീവ മുതലായവ ചുംബിക്കുന്നത് അവയോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നതിനും അവയിലുള്ള ശരണം വ്യക്തമാക്കുന്നതിനും വേണ്ടിയാണ്.
49	വിശുദ്ധ കുർബാനയിൽ കുരിശടയാളം എന്തിനെ സൂചിപ്പിക്കുന്നു?	പുരോഹിതൻ വിടർത്തിയ കൈപ്പത്തികൊണ്ടോ തള്ളവിരൽകൊണ്ടോ തന്റെ മേൽതന്നെ വരയ്ക്കുന്നു. വലത്തുകൈകൊണ്ട് ശുശ്രൂഷകനെയും ജനത്തെയും തിരുവസ്തുക്കളെയും ധൂപത്തെയും ആശീർവദിക്കുന്നു. സുവിശേഷഗ്രന്ഥംകൊണ്ട് ജനത്തെ ആശീർവ്ദിക്കുന്നു. തള്ളവിരൽകൊണ്ട് അൾത്താരമേൽ വരയ്ക്കുന്നു. തിരുശരീരരക്തങ്ങൾ പരസ്പരം കുരിശടയാളംകൊണ്ട് മുദ്രിതമാക്കുന്നു. കുരിശ് മനുഷ്യകുലത്തിന്റെ രക്ഷയുടെ അടയാളമാണ്. കുരിശ് ഈശോയെത്തന്നെ പ്രതിനിധാനം ചെയ്യുന്നു.
50	ധൂപാർപ്പണം എന്തിനെ സൂചിപ്പിക്കുന്നു?	പാപമോചനം, അനുരഞ്ജനം, ബഹുമാനം, പ്രായശ്ചിത്തം, വിശുദ്ധീകരണം തുടങ്ങിയവയുടെ പ്രതീകമാണ് ധൂപാർപ്പണം. ദൈവത്തിങ്കലേയ്ക്ക് ഉയർത്തുന്ന പ്രാർത്ഥനയുടെയും അവിടുത്തേയ്ക്കായി അർപ്പിക്കപ്പെടുന്ന സ്തുതികളുടെയും പ്രതീകം കൂടിയാണ് ധൂപം.
51	കൈകഴുകൽ എന്തിനെ സൂചിപ്പിക്കുന്നു?	വിശുദ്ധ കുർബാനയിൽ ഈ കർമാനുഷ്ഠാനത്തോട് അനുബന്ധിച്ചുള്ള പ്രാർത്ഥന സൂചിപ്പിക്കുന്നതുപോലെ പാപക്കറകളെ കഴുകിക്കളയുന്നതിനെയും പാപമാലിന്യങ്ങൾ തുടച്ചുനീക്കുന്നതിനെയും ഈ കർമം സൂചിപ്പിക്കുന്നു.
52	പ്രദക്ഷിണങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?	പ്രാരംഭപ്രദക്ഷിണം, സുവിശേഷഗ്രന്ഥവുമായുള്ള പ്രദക്ഷിണം, തിരുശരീരരക്തങ്ങളുമായി അൾത്താരയിലേക്കുള്ള പ്രദക്ഷിണം എന്നിവ ഈശോയുടെ മനുഷ്യാവതാരം, പരസ്യജീവിതം, ജറുസലേം പ്രവേശനം, കാൽവരിയാത്ര തുടങ്ങിയ സംഭവങ്ങളാണ് സന്ദർഭാനുസരണം സൂചിപ്പിക്കുന്നത്.
53	ദീപം തെളിക്കൽ എന്തിനെ സൂചിപ്പിക്കുന്നു?	ലോകത്തിന്റെ പ്രകാശമായ ഈശോയെ അനുസ്മരിപ്പിക്കുന്നതിനായി തിരുക്കർമ്മങ്ങൾക്കിടയിൽ ദീപം തെളിക്കുന്നു.
54	**5. കുറിപ്പെഴുതുക – വിശുദ്ധ കുർബാനയിലെ ആംഗ്യങ്ങളും നിലപാടുകളും.**	നിൽക്കുക ഉത്ഥാനത്തെയും സ്വർഗീയ പ്രത്യാശയെയും സൂചിപ്പിക്കുന്നു. ഇരിക്കുക ശ്രദ്ധാപൂർവം ശ്രവിക്കുന്നതിനെ സൂചിപ്പിക്കുന്നു. മുട്ടുകുത്തുക യാചനയും പശ്ചാത്താപവും സൂചിപ്പിക്കുന്നു. ശിരസ്സു നമിക്കുക വിധേയത്വം, ബഹുമാനം, ആരാധന, കൃതജ്ഞത എന്നിവ പ്രകടിപ്പിക്കുന്നു. കൈകൾ വിരിച്ചുപിടിക്കുക മധ്യസ്ഥതയെയും യാചനയെയും സൂചിപ്പിക്കുന്നു. സമാധാനകൈമാറ്റം സ്നേഹവും ഐക്യവും സൂചിപ്പിക്കുന്നു. ചുംബനം സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നു. കുരിശടയാളം രക്ഷയെ സൂചിപ്പിക്കുന്നു. ധൂപാർപ്പണം പ്രാർത്ഥന, സ്തുതി, പ്രായശ്ചിത്തം, വിശുദ്ധീകരണം എന്നിവയുടെ പ്രതീകമാണ്. കൈകഴുകൽ പാപമാലിന്യം നീക്കുന്നതിനെ സൂചിപ്പിക്കുന്നു. പ്രദക്ഷിണങ്ങൾ വിവിധ രക്ഷാകര സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു. ദീപം തെളിക്കൽ ലോകത്തിന്റെ പ്രകാശമായ ഈശോയെ സൂചിപ്പിക്കുന്നു.